

ഡോ. രമ എസ്. കർത്ത
എഡിറ്റർ

# എന്തിലാണ് കൗതുകം?

എന്താണീ കൗതുക വസ്തുക്കൾ? കാണുമ്പോൾ കൗതുകം ഉണർത്തുന്ന എന്തു വസ്തുക്കളുമാകാം. എക്കാലത്തും അകത്തളാലങ്കാരത്തിലെ അവിഭാജ്യ ഘടകങ്ങളാണ് ഇവ. നിറവും തരവും വിലയും വലുപ്പവും ഒക്കെ മാറി മാറി വന്നിട്ടുണ്ടെങ്കിലും കാഴ്ചക്കാരനിൽ കൗതുകവും സന്തോഷവും നിറയ്ക്കാൻ പോന്ന എന്തെങ്കിലുമൊക്കെ എല്ലായ്പ്പോഴും ഏതൊരു ഇൻറീരിയറിലും കാണാതിരിക്കില്ല. ഇപ്പോഴത്തെ ട്രെൻഡനുസരിച്ച് വിശാലവും ഒഴിഞ്ഞതുമായ അകത്തളങ്ങളാണ് കൂടുതലും കാണുന്നത്. സമകാലിക ഡിസൈൻ ശൈലിയുടെ ഭാഗമായ നേർ രേഖാനയവും ജ്യാമിതീയ രൂപങ്ങളും മെലിഞ്ഞതും ഒതുങ്ങിയതുമായ ഫർണിച്ചർ ഫർണിഷിങ്ങുകളും ഒക്കെ കൂടിച്ചേർന്ന് 'കാര്യമാത്ര പ്രസക്ത' മായ ഇടങ്ങളാണ് ഉറപ്പുവരുത്തുന്നത്. അതെ, ഉപയുക്തതയ്ക്ക് പ്രഥമ പ്രാധാന്യം. അതുകൊണ്ടുതന്നെ കൗതുക മാത്ര പ്രസക്തമായ സംഗതികൾക്ക് താൽപര്യം കുറയുന്നതായിട്ടാണ് കാണുന്നത്. ഉപകരണങ്ങളും ഉല്പന്നങ്ങളും ഉപയോഗത്തിനുള്ള വസ്തുക്കളും തന്നെ അലങ്കാര വകകളായി കൂടി ഒരുക്കപ്പെടുന്നു. അതു കൊണ്ടാണ് 'പ്രോഡക്റ്റ് ഡിസൈൻ' എന്ന പഠനശാഖയ്ക്ക് ഇന്ന് ഇത്രയധികം പ്രാധാന്യം കൈവന്നിട്ടുള്ളത്. മുറികളുടെ അലങ്കാരവും കൗതുകവും അതിലെ ഫർണിച്ചറും മറ്റു ഫർണിഷിങ്ങും മാത്രം ആണെന്നതു പോലെ അടുക്കളയുടെ അലങ്കാരം അടുപ്പും വാഷ് ഏരിയയ്ക്ക് അലങ്കാരം വാഷ് ബേസിനും ഒക്കെയാകുന്നു. ഡ്രസ് ഏരിയയിൽ ഒരു കണ്ണാടിയാകാം താരം. മുമ്പത്തേക്കാളേറെ പച്ചപ്പിനും പ്രാധാന്യം കിട്ടുന്നുണ്ട്. കാണാൻ ദുർലഭമായവയിലാണല്ലോ കൗതുകം കുടുതലുണ്ടാകുക. നമുക്കു ചുറ്റും ഹരിതാഭ കുറഞ്ഞുവരുന്നത് കൊണ്ടാകാം എവിടെയും ചെറിയൊരു പച്ചപ്പ് കൊണ്ടുവരാൻ ഡിസൈനർമാർ ശ്രദ്ധിക്കുന്നത്. ഇന്റീരിയർ പ്ലാൻറുകളും അവയുടെ വിന്യാസവും ഒരേസമയം കൗതുകവും പ്രയോജനവും ഉറപ്പാക്കുന്നവയാണ്. ചുരുക്കിപ്പറഞ്ഞാൽ കാര്യത്തിലൂന്നിയ കൗതുകത്തിനേ ഇക്കാലത്ത് പ്രസക്തിയുള്ളൂ. അല്ലാത്തവ നിഷ്കാസനം ചെയ്യപ്പെടുകയാണ്, എല്ലായിടത്തുനിന്നും-അകത്തുനിന്നും പുറത്തുനിന്നും.



remaskartha@designerpublications.com